## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **06/12/2018-ൽ മറുപടിയ്ക്ക്**

## ജില്ലാ സഹകരണ ബാങ്കുകളുടെ ലയനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനിൽ അക്കര<br>,, എ.പി. അനിൽ കുമാർ<br>,, അടൂർ പ്രകാശ്<br>,, ഐ.സി. ബാലകൃഷ്ണൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാനുള്ള തീരുമാനത്തിന് ആർ.ബി.ഐ. അനുവാദം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br>വ്യവസ്ഥകളോട് കൂടിയ തത്വത്തിലുള്ള അനുമതി റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ ബാങ്കിംഗ് രംഗത്ത് ശക്തമായ ഇടപെടൽ നടത്തിവരുന്ന കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളെ ഇല്ലാതാക്കാനുള്ള ശ്രമത്തിനുള്ള കാരണം വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനേയും ലയിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിക്കുന്നതോടെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്തും. ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ബാങ്കായി കേരള ബാങ്കിനെ മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.<br>ബാങ്കിന്റെ ഭരണസംവിധാനം ആധുനിക വെല്ലുവിളികളെ നേരിടുന്നതിനു പ്രാപ്തമാകുന്ന രീതിയിൽ രൂപകല്പന ചെയ്യുന്നതിനും ആധുനികമായ പ്രോഡക്ടുകൾ ബാങ്കിലൂടെ |

| | | | |
|---|---|---|---|
| | | | പ്രദാനം ചെയ്യാനുള്ള നടപടികളുമാണ് സ്വീകരിക്കുന്നത്. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ഉപഭോക്താക്കൾക്ക് മറ്റ് ഇതരബാങ്കുകളിൽ നിന്നും ലഭിക്കുന്ന എല്ലാവിധ സേവനങ്ങളും ചാർജ്ജ് ഇല്ലാതെയോ വളരെ ലളിതമായ ചാർജ്ജുകൾ ഈടാക്കിയോ വളരെ വേഗത്തിലും മെച്ചപ്പെട്ടതുമായ സേവനം നല്കാൻ കഴിയും. സഹകരണ മേഖലയിൽ വിപ്ലവകരമായ നേട്ടമായിരിക്കും ഇത്.<br><br>ബാങ്കിലെ പലിശ നിരക്കിൽ കുറവുണ്ടാകുന്നതു മൂലം ലോൺ ആകർഷകമാകുന്നതും കൂടുതൽ മേഖലയിൽ വായ്പ അനുവദിക്കുന്നതിന് കഴിയുന്നതുമാണ്. കൂടുതൽ മെച്ചപ്പെട്ടതും ആധുനികവുമായ സേവനങ്ങൾ ഇതിലൂടെ ബാങ്കുകൾക്ക് ഇടപാടുകാർക്ക് നല്കുവാൻ സാധിക്കും. ഒരു തലം ഒഴിവാകുന്നതുകൊണ്ട് വായ്പാ പലിശ നിരക്കിൽ കുറവും വരുന്നതാണ്. |
| (സി) | സഹകരണ നിയമത്തിലെ പതിനാലാം വകുപ്പിലെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് പരിഗണനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (സി) | കേരള സഹകരണ നിയമവും ചട്ടങ്ങളും പാലിച്ച് വേണം ലയനം നടത്തേണ്ടത് എന്ന് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. സഹകരണ നിയമത്തിനും നബാർഡ്, റിസർവ്വ് ബാങ്ക് എന്നിവ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി നടപടികൾ സ്വീകരിക്കും. |
| (ഡി) | പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ ഇന്നത്തെ സാഹചര്യത്തിൽ പാലിക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | സാധിക്കുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ